# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2449 18.06.2014-ൽ മറുപടിക്ക്**

**കല്ലറ - കടുത്തുരുത്തി പഞ്ചായത്തുകളിലെ ജലവിതരണം**

| ചോദ്യം<br>ശ്രീ.കെ.അജിത്ത് | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈക്കം, വെള്ളൂർ-വെളിയന്നൂർ പദ്ധതികൾ പ്രകാരം കല്ലറ കടുത്തുരുത്തി പഞ്ചായത്തുകളിലേക്ക് ഏത് വഴിയിലൂടെയാണ് ജലവിതരണത്തിനുള്ള പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതെന്നും ഏതൊക്കെ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ടാങ്കുകളിൽ നിന്നുമാണ് ഈ പൈപ്പുകൾ സ്ഥാപിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) വെള്ളൂർ, വെളിയന്നൂർ പദ്ധതികളുടെ ഭാഗമായ ജാതിക്കാമല ഉന്നതതല സംഭരണിയിൽ നിന്ന് അറുന്നൂറ്റിമംഗലം കടുത്തുരുത്തി വഴി കല്ലറ പുത്തൻ പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള ഉന്നതതല സംഭരണിയിൽ ജലം എത്തിച്ചാണ് കല്ലറ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നത്. കൂടാതെ, ഈ ലൈനിൽ നിന്ന് കടുത്തുരുത്തി പഞ്ചായത്തിലും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. തലയാഴത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി ഡി.ബി കോളേജ് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ഉന്നതതല സംഭരണിയിൽ തലയോലപ്പറമ്പ് വഴി തലയാഴത്തിനു സ്ഥാപിച്ചിട്ടുള്ള പ്രധാന പൈപ്പ് ലൈനിൽ നിന്ന് ബ്രാഞ്ച് ലൈൻ സ്ഥാപിച്ചാണ് കടുത്തുരുത്തി പഞ്ചായത്തിലെ ഏതാനും ഭാഗങ്ങളിൽ ജലവിതരണം നടത്തുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുതപദ്ധതി പ്രകാരമുള്ള പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്രത്തോളം ജോലികൾ പൂർത്തിയാക്കുവാനുണ്ട് എന്നറിയിക്കുമോ ; | (ബി) | പ്രസ്തുതപദ്ധതി പ്രകാരം ജാതിക്കാമലയിൽ നിന്നും കല്ലറയിലേക്കുള്ള ലൈൻ പൂർത്തികരിച്ചിട്ടുണ്ട്. മറ്റ് പ്രധാന ലൈനുകളുടെ 85 ശതമാനം പണി പൂർത്തിയായിട്ടുണ്ട്. |
| (സി) | പദ്ധതി നിർ ദ്ദേശത്തിൽ നിന്ന് പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലുംതരത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; മാറ്റം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത നിർ ദ്ദശത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | തലയോലപ്പറമ്പ്, ഡി.ബി. കോളേജ് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ഉന്നതതല സംഭരണിയിൽ നിന്നും തലയാഴത്തിനു സ്ഥാപിച്ചിട്ടുള്ള പ്രധാന പൈപ്പ് ലൈനിൽ നിന്നും തലയോലപറമ്പ്, ആപ്പാഞ്ചിറവഴി കടുത്തുരുത്തിയ്ക്കു പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ കെ.എസ്.റ്റി.പി. റോഡ് പണി പൂർത്തിയായതിനാൽ പ്രസ്തുത റോഡിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ അനുമതി ലഭിക്കാതെ വരികയും തന്മൂലം തലപ്പാറയിൽ നിന്നും ആപ്പാഞ്ചിറ വഴി കടുത്തുരുത്തി, കല്ലറ റോഡിലെ കപ്പോള ജംഗ്ഷൻ വരെ പൈപ്പ് ലൈൻ സ്ഥാപിച്ച് കടുത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. ഈ പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തു പഞ്ചായത്തിലെ ജലവിതരണ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | (ഡി) | പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ